# Malayala Manorama

## 24 August 2018

## Kochi; Utradapachil, For Survival

# ഉത്രാടപ്പാച്ചിൽ, അതിജീവനത്തിനാ

### ഇതൊന്ന് ശ്രദ്ധിക്കാം

കൊച്ചി ● പേമാരിയും പ്രളയവും കേരളത്തിനു ഭാവിയിലും ഭീഷണി ഉയർത്താം. ഈ സാഹചര്യങ്ങളിൽപെട്ടാൽ എന്തു ചെയ്യണം? പ്രളയക്കെടുതികളിൽപെട്ടവരെ രക്ഷിക്കാനെത്തിയ നാവികസേന, മൽസ്യത്തൊഴിലാളികൾ, പൊലീസ്, അഗ്നിരക്ഷാസേന തുടങ്ങിയ വിഭാഗങ്ങളിലുള്ളവർക്കു ചില മുൻകരുതലുകളും നിർദേശങ്ങളും നൽകാനുണ്ട്. പാലിക്കേണ്ട ബാധ്യത പൊതുജനങ്ങൾക്കുമുണ്ട്.

● കോൺക്രീറ്റ് ടെറസിനു മീതെ ഷീറ്റ് മേൽക്കൂരയിടുന്നവർ, ഒരു ചെറിയ ഭാഗമെങ്കിലും തുറന്നുവയ്ക്കുക. പൂർണമായി മേൽക്കൂരയിട്ടവർ, അത്യാവശ്യ സന്ദർഭങ്ങളിലെങ്കിലും ഒരു ഭാഗം തുറക്കുക. പ്രളയം വന്നാൽ, ഈ തുറന്ന ഭാഗത്തു കയറി നിൽക്കുക.

● ഹെലികോപ്റ്ററുകൾ രക്ഷയ്ക്കെത്തുമ്പോൾ, കൈവീശിക്കാണിക്കുന്നതു വൈമാനികർക്ക് ആശയക്കുഴപ്പമുണ്ടാകും. കൈ ആംഗ്യങ്ങൾ താഴേക്കു വരാനാണോ,തിരിച്ചുപോകാനാണോ പറയുന്നതെന്ന സംശയമുണ്ടാക്കും.

● രക്ഷപ്പെടുത്തണമെന്നു വ്യക്തമാക്കാൻചുവന്നതോ,നല്ലനിറമുള്ളതോ ആയ തുണി വീശുക.

● എന്തെങ്കിലും കത്തിച്ചു കാണിക്കുന്നതും കണ്ണാടി കാണിക്കുന്നതും രക്ഷപ്പെടുത്തണമെന്ന സന്ദേശം നൽകും.

● ഹെലികോപ്റ്ററിൽ നിന്നു താഴേക്കിറക്കുന്ന ബാസ്കറ്റ് നിലത്തു മുട്ടുന്നതിനു മുൻപ് എത്തിപ്പിടിക്കാൻ ശ്രമിക്കരുത്. ചെറിയ ഷോക്കേൽക്കാൻ സാധ്യതയുണ്ട്.

● ബാസ്കറ്റ് നിലത്തു മുട്ടുന്നതു വരെ ഇരിക്കുകയോ കിടക്കുകയോ ചെയ്യുക.

● രക്ഷാപ്രവർത്തകൻ നൽകുന്ന നിർദേശങ്ങൾ അതേപടി പാലിക്കുക.

● തമാശയ്ക്കു രക്ഷാപ്രവർത്തകരെ വിളിച്ചുവരുത്തുകയും സെൽഫി എടു

### കാസർകോട് നിന്ന് ഓടിപ്പാഞ്ഞെത്തിയത് 18 'ലോഡ്' സ്നേഹം

കൊച്ചി ● പ്രളയം ദുരിതം വിതച്ച ജില്ലയ്ക്കു കാസർകോട് പടന്നയുടെ വക 18 'ലോഡ്' സ്നേഹം. ദുരിത ബാധിത പ്രദേശങ്ങളിൽ പടന്നയിൽ നിന്ന് ഇതുവരെ 18 ട്രക്കുകളിൽ അവശ്യ വസ്തുക്കളെത്തി. ഇപ്പോഴും വന്നുകൊണ്ടിരിക്കുന്നു. സംസ്ഥാനത്തെ പിടിച്ചുലച്ച പ്രളയം കാസർകോടിനെ മാത്രം ബാധിച്ചില്ല. എന്നാൽ, പടന്നയിലെ ഒരു കൂട്ടം യുവാക്കൾക്കു വെറുതെയിരിക്കാനാവില്ലായിരുന്നു. 16നു പടന്നയിൽ നിന്നു മുപ്പതു പേർ ജില്ലയുടെ വിവിധ ഭാഗങ്ങളിലെത്തി. രക്ഷാപ്രവർത്തനങ്ങളിലും ക്യാംപുകളിലും സജീവമായി പങ്കെടുത്തു. കൊച്ചിയിലേക്കു വരുന്നതു വളരെ ബുദ്ധിമുട്ടായിരുന്ന ദിവസങ്ങളിലാണ് അവർ ക്യാംപുകളിലെത്തിയത്.

പടന്നയിൽ നിന്നെത്തി എറണാകുളം നോർത്തിൽ ബിസിനസ് നടത്തുന്ന മുഹമ്മദ് അലി, ഇടപ്പള്ളിയിൽ ഹോട്ടൽ നടത്തുന്ന അൻസാരി ബാസു, പറവൂരിൽ ഹോട്ടൽ നടത്തുന്ന ടി.കെ. മുഹമ്മദ്, വി.കെ. അബ്ദുല്ല എന്നിവർ ജില്ലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു. 17നു പടന്നയിൽ അവശ്യവസ്തുക്കളുടെ ശേഖരണം ആരംഭിച്ചു. ഒരു നാട് ഒന്നിക്കുന്ന കാഴ്ചയായിരുന്നു പിന്നീടു കണ്ടത്.

ബെംഗളൂരുവിൽ ജോലി ചെയ്യുന്നവർ ചേർന്ന് അവിടെനിന്നു സാധനങ്ങൾ ശേഖരിച്ചു. 18ന് അവശ്യവസ്തുക്കളുമായി ആദ്യ ട്രക്ക് പടന്നയിൽ നിന്നു പുറപ്പെട്ടു. വസ്ത്രങ്ങൾ, പായ്ക്കറ്റ് ഫുഡ് തുടങ്ങിയവ വിവിധ ക്യാംപുകളിലെത്തിച്ചു. കൂടുതൽ വന്നവ ഇടപ്പള്ളിയിലെ അൻസാരി ബാബുവിന്റെ ഹോട്ടലിൽ ശേഖരിച്ചു. പിന്നാലെ പടന്നയിൽ നിന്നു ട്രക്കുകളുടെ ഘോഷയാത്ര ആയിരുന്നു. പറവൂർ, ചേന്ദമംഗലം, കരുമാലൂർ, കടുങ്ങല്ലൂർ തുടങ്ങി ജില്ലയിലെ ഒട്ടേറെ സ്ഥലങ്ങളിൽ പടന്നയിൽ നിന്നുള്ള ട്രക്കുകളെത്തി.

ഓരോ സമയത്തും ആവശ്യമായ സാധനങ്ങളാണ് എത്തിച്ചത്. ഒടുവിൽ വന്ന മൂന്നു ട്രക്കുകളിൽ ക്ലീനിങ് ഉൽപന്നങ്ങളായിരുന്നു. ക്യാംപുകളിൽ നിന്നു മാറി നേരിട്ടു വീടുകളിലെത്തിച്ചു കൊടുത്തു. യഥാർഥ ഉപയോക്താക്കളെ തിരിച്ചറിയാൻ വാർഡ് മെംബർമാരുടെ സേവനം ഉപയോഗപ്പെടുത്തി.

ഇനി അടുക്കള ഉപകരണങ്ങൾ വിതരണം ചെയ്യാനാണ് ഇവരുടെ ഉദ്ദേശ്യം. അടുക്കളയും വീട്ടുസാധനങ്ങളും പ്രളയത്തിൽ ഒലിച്ചുപോയവർക്ക് ആശ്വാസം പകരാൻ പടന്നയിൽനിന്ന് ഇനിയും ട്രക്കുകളെത്തും. തങ്ങളുടെ നാടിന്റെ സ്നേഹമാണു ട്രക്കുകൾ വഴി ഇവിടേക്ക് എത്തുന്നതെന്നു മുഹമ്മദ് അലി പറയുന്നു.



കാസർകോട് പടന്നയിൽ നിന്നെത്തിയ അവശ്യവസ്തുക്കളുടെ ലോഡ് ഇടപ്പള്ളിയിൽ ഇറക്കുന്നു.